**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.16-ന് രാവിലെ 11 മണിക്ക് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ മന്ത്രിയുടെ ചേമ്പറിൽ വച്ച നടന്ന യോഗ നടപടിക്കുറിപ്പ്.**

**പൊതു വിഷയങ്ങൾ**

1 **പ്രോജക്ട് ഭേദഗതി**

കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട് 31.03.2017-നു മുമ്പ് ചെലവഴിക്കേണ്ടതിനാൽ മറ്റ് ഏതൊരു ഫണ്ടും ഉപയോഗിച്ച് രൂപീകരിച്ചിരിക്കുന്ന പ്രോജക്ടുകൾ ഭേദഗതി ചെയ്ത് കെ.എൽ.ജി.എസ്.ഡി.പി. ഫണ്ട് ഉപയോഗിക്കുന്നതിന് അനുവാദം നൽകുന്നു. കഴിഞ്ഞ വർഷത്തെ സ്പിൽഓവർ പ്രോജക്ടിൽ ഭേദഗതി വരുത്തിയാൽ അത് പുതിയ പ്രോജക്ടായി പരിഗണിക്കുന്നതാണ്.

(തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്

2 നടപ്പുവർഷം ഈ വർഷം ലഭിക്കുന്ന ഫണ്ടിനു മാത്രം പ്രോജക്ട് രൂപീകരിച്ചാൽ മതിയെന്നും കഴിഞ്ഞ വർഷത്തെ ക്യാരിഓവർ പ്രോജക്ട് പരിഗണിക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത് മാനിക്കാതെ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ സ്പിൽഓവർ പ്രോജക്ടുകൾ കൂടി ഈ വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തുകയും തന്മൂലം വാലിഡേഷനിൽ വ്യത്യാസം വരികയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ക്യാരിഓവർ ഫണ്ട് അനുവദിക്കുന്നതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ലഭ്യമായ ആകെ തുകയുടെ വാലിഡേഷൻ ഇളവ് ചെയ്യാൻ ഐ.കെ.എം.ന് നിർദ്ദേശം നൽകണം.

(തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്

3 കെ.എൽ.ജി.എസ്.ഡി.പി.ഫണ്ടിൽ നിന്നും അധിക ധനസഹായം നൽകുന്ന തിന് 60 പിന്നോക്ക തദ്ദേശഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടു ത്തിരുന്നു. അവയ്ക്ക് 2 കോടി രൂപ വീതം അധികമായി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി പ്രസ്തുത സ്ഥാപനങ്ങളുടെ മേൽ പറഞ്ഞ ഫണ്ട് ഉപയോഗിക്കുന്ന പ്രോജക്ടുകൾക്ക് ഡി.പി.സി.യിൽ അംഗീകാരം നൽകേണ്ടതാണ്.

(തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്

4 ഐ.എ.വൈ/പി.എം.എ വൈ. സ്കീമുകൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നൽകാമെന്ന് ഏറ്റിരുന്ന തുക (1 ലക്ഷം രൂപ) ലഭ്യമാക്കാത്ത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ടുകളിൽ നിന്നും പ്രസ്തുത വിഹിതം കൂടി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നു.

(തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

5 ക്ഷീര കർഷകർക്ക് സഹകരണ സംഘങ്ങൾ വഴി സബ്സിഡി നൽകുന്ന പ്രോജക്ടുകൾ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നു.

(തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്

6. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണം എന്നിവയിൽ അയൽസഭയുമായി ബന്ധപ്പെട്ട് നിബന്ധനകൾ നിർബന്ധമാക്കേണ്ടതില്ലായെന്ന് തീരുമാനിച്ചു.

(തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്

7. പല ഡി.പി.സികളും സർക്കാർ അംഗീകാരത്തിനു വിധേയമായി പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടു. ഡി.പി.സി.കൾ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിധേയമായി പ്രോജക്ടുകൾക്ക് അംഗീകാരം നൽകരുത്. പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുകയോ തിരിച്ചയയ്ക്കുകയോ ചെയ്യേണ്ടതാണ്. ഡി.പി.സി. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും സമർപ്പിക്കരുത്

(തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്

## 3. പ്രത്യേക വിഷയങ്ങൾ

**3.1 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2016-ലെ എ2-191/16 നമ്പർ കത്ത് കൊല്ലം ജില്ലാ പഞ്ചായത്ത് മൃഗ സംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലൂടെ നായ്ക്കളുടെ ജനന നിയന്ത്രണവും പേവിഷ പ്രതിരോധ പദ്ധതിയും നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ച്**

അംഗീകൃത നിരക്കുകൾ അധികരിക്കാതെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് അനുവാദം നൽകുന്നു.

(തദ്ദേശസ്വയംഭരണ (ഡി.സി )വകുപ്പ്)

**3.2 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27/09.2016-ലെ എ2/91/16 നമ്പർ കത്ത് - ഓരോ വീട്ടിലും ഒരു കശുമാവ് - തരിശുരഹിത കൊല്ലം ജില്ലയിൽ കശുമാവ് കൃഷി വ്യാപനം പദ്ധതി - സർക്കാർ അനുമതി - സംബന്ധിച്ച്**

കൃഷി വകുപ്പിന്റെ മാനദണ്ഡം അനുസരിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി.തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)

**3.3 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.07.2016-ലെ എ2-191/16 നമ്പർ കത്ത്- ടെക്നിക്കൽ സ്കൂൾ സൂപ്രണ്ടിനെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായി നിയമിക്കുന്നത് സംബന്ധിച്ച്**

കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നു.

(തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്)

**3.4 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.07.2016-ലെ എ2-191/16 നമ്പർ കത്ത്- ഗവ.കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് സൂപ്രണ്ടിനെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായി നിയമിക്കുന്നത് സംബന്ധിച്ച്**

കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നു

(തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്)

**3.5 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 05.07.2016-ലെ എ2-191/16 നമ്പർ കത്ത്- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ജില്ലാ പഞ്ചായത്തിനെ കൂടി സംയുക്ത പ്രോജക്റ്റിൽ ഉൾപ്പെടുത്തുന്നത് -സംബന്ധിച്ച്**

പൊതു വിഷയം തീരുമാനം 5 ബാധകമാണ്.

(തദ്ദേശസ്വയംഭരണ (ഡി.എ1)വകുപ്പ്)

**3.6 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.09.2016-ലെ എ2-191/16 നമ്പർ കത്ത്- മാനസികാരോഗ്യ രംഗത്ത് അഭിവൃദ്ധിക്കായി 24 മണിക്കൂർ ഹെൽപ്പ് ലൈനായി പ്രവർത്തിക്കുന്ന ഒരു സെൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച്**

അനുമതി നൽകുന്നു.

(തദ്ദേശസ്വയംഭരണ (ഡി.ബി )വകുപ്പ്)

**3.7 കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 15.07.2016-ലെ എ2-389/15 നമ്പർ കത്ത്- ക്ഷീര വികസന വകുപ്പ് 2016-17 സാമ്പത്തിക വർഷം കറവമാടുകളെ വാങ്ങുന്നതിന് പലിശരഹിത വായ്പ അനുവദിക്കുന്നതിലേയ്ക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നത് -സംബന്ധിച്ച്**

നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി ബാങ്ക് ലിങ്കിഡ് ലോണായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്

**3.8 തഴക്കര ഗ്രാമപഞ്ചായത്ത് - എല്ലാ വീട്ടിലും ബയോഗ്യാസ് പദ്ധതി സംബന്ധിച്ച്**

ശുചിത്വ മിഷൻ ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ച് അംഗീകാരം നൽകുന്നു ബാക്കി തുക നൽകുന്നതിനും ശുചിത്വ മിഷന് അനുവാദം നൽകുന്നു.

നടപടി (തദ്ദേശസ്വയംഭരണ (ഡി.സി )വകുപ്പ്)

**3.9 ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് - സ്ട്രീറ്റ് ലൈറ്റ് റിപ്പയറും പഴയത് മാറ്റി സ്ഥാപിക്കലും സംബന്ധിച്ച്**

**(ഫയൽ നം.964768/ഡി.എ3/2016/തസ്വഭവ)**

അപേക്ഷ അംഗീകരിച്ചു.

**3.10 ഭൂരഹിത കേരളം പദ്ധതി സംബന്ധിച്ച്**

**(ഫയൽ നം.139/ഡി.ബി1/2016/തസ്വഭവ)**

മുമ്പ് വീടിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നു.

**3.11 പുനലൂർ നഗരസഭ- പുനലൂർ നഗരസഭ വക സ്റ്റേഡിയം, പ്രൈവറ്റ് ബസ് സ്റ്റാൻഡ് എന്നിവയ്ക്ക് വേണ്ടി സ്ഥലം അക്വയർ ചെയ്യതിന്റെ ഭാഗമായി എൽ.എ.ആർ. കേസുകളിലായി നഗരസഭ ഒടുക്കുവരുത്തുവാനുള്ള തുക 2016-2017 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്**

**(ഫയൽ നം.134/ആർ.സി1//2016/തസ്വഭവ)**

പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തി ചെലവുചെയ്യുന്നതിന് തുക നൽകുന്നതിന് അനുമതി നൽകുന്നു.

**3.12 കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഫെഡറേഷന്റെ 5/9/16-ലെ അപേക്ഷ**

**(ഫയൽ നം.744/ഡി.സി3/2016/തസ്വഭവ)**

കേപ്പബിലിറ്റി സർട്ടിഫിക്കറ്റ് എന്താണെന്ന് വ്യക്തമല്ല. ഇ-ടെണ്ടറിംഗിന് നിലവിലുള്ള വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതില്ല.പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരത്തിൽപ്പെട്ടതായ തിനാൽ ഇടപെടുന്നില്ല.

**3.13 തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് -തെരുവുവിളക്ക് പരിപാലനം നടത്തിയതിന്റെ തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി സംബന്ധിച്ച് (ഫയൽ നം.209/ഡി.എ3/2016/തസ്വഭവ)**

അനുമതി നൽകുന്നു.

**3.14 വടകര ബ്ലോക്ക് പഞ്ചായത്ത് വോളിഗ്രാമം പദ്ധതി സംബന്ധിച്ച്**

**(ഫയൽ നം.274/ഡി.ഡി2/2016/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ചെലവഴിക്കാതെ ആവശ്യമായ നേതൃത്വം നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നടപടി എടുക്കേണ്ടതാണ്. സ്പോർട്സ് കൗൺസിൽ, സ്പോർട്സ് അതോറിട്ടി ഓഫ് ഇന്ത്യ(SAI) ഇവരുടെ സഹായം ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്.

**3.15 ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് - 'മൊബൈൽ ജറിയാട്രിക് പാലിയേറ്റീവ് ക്ലിനിക്ക്' എന്ന പ്രോജക്ടിന് അംഗീകാരം സംബന്ധിച്ച്**

**(ഫയൽ നം.304/ഡി.ഡി2/2016/തസ്വഭവ)**

വാഹനം മാസ വാടക നിരക്കിൽ ഒരു വർഷത്തേയ്ക്ക് ഹയർ ചെയ്യണമെന്ന വ്യവസ്ഥയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

**3.16 ആലങ്ങാട് ഗ്രാമപഞ്ചായത്ത് - എസ്.സി. പഠനവീട് പദ്ധതി- സംബന്ധിച്ച്**

**(ഫയൽ നം.248/ഡി.ബി1/2016/തസ്വഭവ)**

കുട്ടികൾക്ക് നിശ്ചിത ഫീസ് നിശ്ചയിച്ച് ആയത് എസ്.സി.പി. ഫണ്ടിൽ നിന്നും നൽകുന്നതിനും പ്രസ്തുത തുക വിനിയോഗിച്ച് ഹോണറേറിയം നൽകുന്നതിനും തീരുമാനിച്ചു.

**3.17 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആശുപത്രികളിൽ ആയുർവേദ ഔഷധങ്ങൾ വിതരണം നടത്തുന്നതിനുള്ള കേരള ആയുർവേദ സൊസൈറ്റി കോഴിക്കോടിനുള്ള അനുമതി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ**

**(ഫയൽ നം.322/ഡി.എ1/2016/തസ്വഭവ)**

കേരള ആയുർവേദിക് കോഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിക്കുന്ന മരുന്നുകളുടെ വില, ഗുണനിലവാരം, indigenous medicine കൈകാര്യം ചെയ്യുന്ന ഡി.എം,ഒ,യോ മറ്റു ഉയർന്ന ഉദ്യോഗസ്ഥരെയോകൊണ്ട് വിലയിരുത്തുകയും ഗുണമേന്മ പരിശോധിക്കുകയും ചെയ്യണമെന്ന വ്യവസ്ഥയിൽ അനുമതി നൽകുന്നതിന് തീരുമാനിച്ചു.

ആയുർവേദ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങളുടെ പാനൽ തയ്യാറാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടിയെടുക്കണമെന്ന് നിർദ്ദേശിച്ചു.

**3.18 കോട്ടയ്ക്കൽ നഗരസഭ – പ്ലാൻ ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് /നോൺ റോഡ് ഫണ്ട്/തനത് ഫണ്ട് യുവജനങ്ങളുടെ രജിസ്റ്റേർഡ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നത് സംബന്ധിച്ച്**

**(ഫയൽ നം.198/എഫ്.എം.2/2016/തസ്വഭവ)**

തനത് ഫണ്ട്/പ്ലാൻഫണ്ട് (ജനറൽ) എന്നിവ ഉപയോഗിച്ച് സ്പോർട്സ് കിറ്റ് നൽകുന്നതിന് അനുമതി നൽകുന്നു.

**3.19 പറവൂർ നഗരസഭ – 24.10.2016-ലെ ചാത്തന്നൂർ എം.എൽ.എയുടെ കത്ത് - റവന്യൂ റിക്കവറി ഒഴിവാക്കുന്നത് സംബന്ധിച്ച് (ഫയൽ നം.284/ഡി.ബി.1/2016/തസ്വഭവ)**

750 സ്ക്വയർ ഫീറ്റ് വരെ വിസ്തൃതിയുള്ള വീടുകൾക്ക് നൽകിയ സഹായം ക്രമവൽക്കരിക്കുന്നതിന് തീരുമാനിച്ചു.

**3.20 എടയൂർ ഗ്രാമപഞ്ചായത്ത് - ഭവന നിർമ്മാണ പദ്ധതി ബാങ്ക് വായ്പ സംബന്ധിച്ച്**

**(ഫയൽ നം.282/ഡി.ബി.1/2016/തസ്വഭവ) ച്**

LIFE പാർപ്പിട പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**3.21 വ്യക്തിഗത ആനുകൂല്യങ്ങൾക്ക് വാർഷിക വരുമാനപരിധി പുനർനിശ്ചയിച്ച് 10.08.2016 തീയതിയിലെ 1.8 നമ്പർ സീസി തീരുമാനം കൃഷി തുടങ്ങിയ ഉല്പാദന മേഖലയിലേക്ക് കൂടി ബാധകമാണോ എന്ന് വ്യക്തത വരുത്തുന്നതിനായി അവയ്ക്ക് മാർഗ്ഗരേഖയിൽ നിലവിലുള്ള വ്യവസ്ഥ തന്നെ ബാധകമാകുന്നു എന്ന് സ്പഷ്ടീകരണം സംബന്ധിച്ച്**

കാർഷിക മേഖലയിൽ സബ്സിഡി നൽകുന്നത് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി മാനദണ്ഡമാക്കിയാണ്. അതിനാൽ 10.08.2016-ലെ 1.8 നമ്പർ സീസി തീരുമാനം ഇതിന് ബാധമകല്ല.

നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്

**3.22 കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2016 ലെ കത്ത് വിദ്യാർത്ഥികൾക്ക് കാർഷിക മേഖലയിൽ ആഭിമുഖ്യം വളർത്തുന്നതിന് വിദ്യാലയങ്ങളിൽ കൃഷിപഠനം ശുചിത്വ അവബോധന വളർത്തുന്നതിന് വിദ്യാലയങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് 8, 9 ക്ലാസുകളിലെ പഠന പ്രയാസം നേരിടുന്നതിന് സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്നീ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

നടപടി -തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്

**3.23 തിരുവനന്തപുരം നഗരസഭ മേയറുടെ 17.10.2016 ലെ കത്ത്- വസ്തുവാങ്ങൽ/പാർപ്പിടം, മത്സര പരീക്ഷ, ഇലക്ട്രിക്കൽ എഞ്ചിനീയർ/ഐ.ടിഓഫീസർ നിയമനം സംബന്ധിച്ച്**

1) സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കേണ്ടതാണ്

2) മത്സര പരീക്ഷ, എൻട്രൻസ് എന്നിവയ്ക്ക് സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ 5 വർഷമെങ്കിലും പ്രവർത്തന പരിചയമുള്ള പ്രശസ്തമായ സ്ഥാപനങ്ങൾ എന്നിവ വഴി മത്സര പരീക്ഷ/എൻട്രൻസ് പരിശീലനം എന്നിവയ്ക്ക് പട്ടികജാതി വികസന വകുപ്പ് അനുവദിക്കുന്ന സബ്സിഡി അനുവദിക്കുന്നതിന് തീരുമാനിച്ചു. ആനുകൂല്യം നൽകുമ്പോൾ പട്ടിക ജാതി വികസന വകുപ്പിൽ നിന്നും മുമ്പ് ആനുകൂല്യം കൈപ്പറ്റിയവർക്ക് വീണ്ടും ആനുകൂല്യം നൽകാതെ ശ്രദ്ധിക്കേണ്ടതാണ്.

3) സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ ഇലക്ട്രിക്കൽ/മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റിന്റെ കൺസൾട്ടൻസി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4) ഐ.ടി.ഓഫീസറുടെ വിദ്യാഭ്യാസ യോഗ്യത, റമ്യൂണറേഷൻ എന്നിവ നിശ്ചയിച്ച് സർക്കാർ അംഗീകാരത്തോടെ കരാർ അടിസ്ഥാനത്തിൽ ഐ.ടി.ഓഫീസറെ നിയമിക്കുന്നതിന് അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്

**3.24 ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2016 ലെ കത്ത് 2016-17 ൽ സ്പിൽ ഓവർ ആയി തുടരുന്നതിന് തീരുമാനിച്ചിട്ടുള്ള പ്രവൃത്തികൾ ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിന് അനുമതി സംബന്ധിച്ച്**

സ്പിൽഓവർ പ്രോജക്ടുകൾ ഭേദഗതി വരുത്തിയാൽ അത് പുതിയ പദ്ധതിയായി പരിഗണിക്കുന്നതാണ്.

നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്

**3.25 ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2016 ലെ കത്ത് 2015-16 ൽ കരാർ വച്ച് ഐ എ വൈ യിൽ വീട് നിർമ്മാണം ആരംഭിക്കുകയും സാങ്കേതിക കാരണങ്ങളാൽ ഐ.എ. വൈ യിൽ ഉൾപ്പെടാത്തതുമൂലം ധന സഹായം നല്കാൻ കഴിയാത്ത 7 ഗുണഭോക്താക്കൾക്ക് വികസനഫണ്ട് (എസ്.സി.പി) യിൽ നിന്ന് തുക നൽകുന്നതിന് അനുമതി സംബന്ധിച്ച്**

നിലവിലെ ഭവന പദ്ധതി പ്രകാരം നിർദ്ദിഷ്ട യോഗ്യത ഉള്ളവരാണെങ്കിൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**3.26 ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2016 ലെ കത്ത് വീടുകളിൽ നിന്ന് പ്ലാസ്റ്റിക് ശേഖരിച്ച് സംസ്കരിക്കുന്നതിന് എല്ലാ വീടുകൾക്കും പ്ലാസ്റ്റിക് ശേഖരണപാത്രങ്ങൾ വാങ്ങി നൽകുന്നതിനുള്ള അനുമതി. സംബന്ധിച്ച്**

നിരസിച്ചു

നടപടി .തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്

**3.27 ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.10.2016 ലെ കത്ത് പ്രൈമറി ക്ലാസുകളിൽ ഭാഷാഭിമുഖ്യവും ഭാഷാസ്നേഹവും വളർത്തുന്നതിന് കവിതാ ദ്ധ്യാപന പരിപാടികൾ, ഭാഷാദ്ധ്യാപനം സർഗാത്മകമാക്കൽ എന്നിവയ്ക്ക് തനത് ഫണ്ടിൽ പദ്ധതി ഏറ്റെടുക്കുന്നത് സംബന്ധിച്ച്**

അംഗീകരിച്ചു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്

**3.28 നൂമാഹി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.09.2016 ലെ കത്ത് പൊതുശൗചാലയം നിർമ്മിക്കുന്നതിന് ദേശീയപാത അതോറിറ്റിയുടെ ഉടമസ്ഥ തയിലുള്ള സ്ഥലത്ത് അവർ മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകൾ (ആവശ്യപ്പെടുന്ന സമയത്ത് പൊളിച്ചുനീക്കുന്നത് ഉൾപ്പെടെ) അംഗീകരിച് ച്ചുകൊണ്ട് നിർമ്മിക്കുന്നതിന് അനുമതി സംബന്ധിച്ച്**

അംഗീകരിച്ചു. സ്വച്ഛ് ഭാരത് അഭിയാനിൽ നിന്നും ധനസഹായം ലഭിക്കുമോ എന്ന കാര്യം പരിശോധിക്കേണ്ടതാണ്.

നടപടി .തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്

**3.29 കൊന്നത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2016 ലെ കത്ത് ഭിന്നശേഷിയുള്ളവർക്ക് സഹായഉപകരണങ്ങൾ നല്കുന്ന പദ്ധതിയിൽ 20.05.2016 ൽ നടത്തിയ ക്യാമ്പിൽ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് ആ വർഷം വകയിരു ത്തിയ തുക അപര്യാപ്തമായതിനാൽ 2016-17 ൽ 5 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി-സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്

**3.30 കൊന്നത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2016 ലെ കത്ത് പഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കി എങ്കിലും അപര്യാപ്തമായതിനാൽ, ജലനിധി വ്യവസ്ഥ മറികടന്ന്, പുതിയ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് അനുമതി. സംബന്ധിച്ച്**

ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തീരുമാനിച്ചു

നടപടി .തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്

**3.31 മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2016 ലെ കത്ത് ജില്ലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനായി പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്ക ന്നതിന് എല്ലാവർഷവും നടത്തിവരുന്ന വിജയഭേരി വിദ്യാഭ്യാസ പദ്ധതിയ്ക്ക് പ്രത്യേക അനുമതി.- സംബന്ധിച്ച്**

അംഗീകരിച്ചു

നടപടി .തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്

**3.32 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 28.10.2016 ലെ കത്ത്**
**പകൽവീടിന്റെ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന് തുക വകയിരുത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ ഗ്രാന്റ് അനുവദിക്കു ന്നതിന്.**

സംയുക്ത പ്രോജക്ടായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാൻ നിർദ്ദേശിച്ചു

നടപടി .തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്

**3.33 പട്ടണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.10.2016 ലെ കത്ത്**
**റോഡ് നിർമ്മാണത്തിന് ഗ്രാവൽ ലഭ്യമാക്കുന്നതിന് അനുവദനീയ മതിലും കൂടുതൽ ദൂരം ലീഡ് ആയതിനാൽ മോർഡ് സ്പെസിഫിക്കേഷനിൽ അനുവദിച്ചതിലും ഉയർന്ന നിരക്ക് അനുവദിക്കുന്നത് സംബന്ധിച്ച്**

ചീഫ് എഞ്ചിനീയറുടെ അഭിപ്രായം മാനിച്ച് അനുവാദം നൽകുന്നു. സമാന സ്വഭാവമുള്ള മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്..

നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്

**3.34 കുന്നുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.10.2016 ലെ കത്ത്**
**2016-17 ലെ വേൾഡ് ബാങ്ക് പ്രോജക്ട് (കോൺഫറൻസ് ഹാൾ പ്രസിഡന്റിന്റെ ചേംബർ എന്നിവ നവീകരണം) കളുടെ നിർവ്വഹണത്തിന് ടെന്റർ ഒഴിവാക്കി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് എന്ന സ്ഥാപനം മുഖേന നിർവ്വഹിക്കു ന്നതിന് അനുമതി സംബന്ധിച്ച്**

നിരസിച്ചു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്

**3.35 മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.10.2016 ലെ കത്ത്**
**14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കാവുന്ന പദ്ധതികൾ വികസനഫണ്ട് വകയിരുത്തി ഏറ്റെടുത്തുപോയതിനാൽ, എസ് എസ് എ വിഹിതം അംഗൻവാടി പോഷകാഹാരം, ക്ഷീരകർഷകർക്ക് സബ്സിഡി, ഫലവൃക്ഷ, പച്ചക്കറി, ജൈവവസ്തു തൈവിതരണം, വീട് പുനരുദ്ധാരണം എന്നിവ ഏറ്റെടുക്കാൻ അനുമതിസംബന്ധിച്ച്**

നിരസിച്ചു.

നടപടി .തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്

3.36 **ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2016 ലെ കത്ത്**
**ഗ്രാമപഞ്ചായത്ത് കൃഷിഭവൻ മുഖാന്തിരം പാടശേഖരസമിതികൾക്ക് കൈമാറിയ കൊയ്ത്തുമെതിയന്ത്രം കേടുവന്ന് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടു ള്ളത് റിപ്പയർ ചെയ്യുന്നതിന് 3 ലക്ഷം രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് തുക വകയിരുത്തി ഏറ്റെടുക്കുന്നതിൽ അനുമതി സംബന്ധിച്ച്**

പെർഫോർമൻസ് ഓഡിറ്റ് വിംഗ് അന്വേഷിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)

3.37 **ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2016 ലെ കത്ത്**
**ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികപദ്ധതിയിൽ ഹൈമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനുമതി സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ3) വകുപ്പ്

3.38 **ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2016 ലെ കത്ത്**
**ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ വാടാനാംകുറിശ്ശി ഗവ. ഹൈസ്കൂളിലെ വിദ്യാർത്ഥി കളുടെ പഠനനിലവാരം ഉയർത്തുന്നതിന് "വിജയശ്രീ" പദ്ധതി ഏറ്റെടുക്കുന്നതിന് അനുവാദം സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്

3.39 **ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2016 ലെ കത്ത്**
**ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നല്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്

3.40 **പോരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2016 ലെ കത്ത്**
**2016-17 ൽ അംഗപരിമിതർക്കുള്ള പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി ആഴ്ചയിൽ മൂന്ന് ദിവസം ഫിസിയോതെറാപ്പി ചെയ്യുന്നതിന് പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള അനുമതി സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്

3.41 **കാട്ടാക്കട എം.എൽ.എ.യുടെ കത്ത്**
**ജലവിഭവസംരക്ഷണത്തിനായി വാട്ടർ റീച്ചാർജ്ജിംഗ് പദ്ധതി ഏറ്റെടുക്കുന്നതിന് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതിക്ക് തുക വകയിരുത്തുന്നതിനുള്ള അനുമതി സംബന്ധിച്ച്**

അംഗീകരിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്

3.42 **നിലമ്പൂർ എം.എൽ.എ. യുടെ 08.11.2016 ലെ കത്ത്**
**വണ്ടൂർ ഗ്രാമപഞ്ചായത്തിലെ IAY പദ്ധതിയിൽ വീട് അനുവദിച്ച വീടിന്റെ തറവിസ്തീർണം കൂടുതലായതിനാൽ മൂന്നുഗഡുക്കൾ മാത്രം നൽകി തുടർന്ന് നൽകുന്നില്ല എന്നും ഗ്രാന്റ് തുക മുഴുവൻ നല്കണമെന്നും ആവശ്യം സംബന്ധിച്ച്**

തീരുമാനം 3.19 ബാധകമാണ്

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

3.43 **പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.10.2016 ലെ കത്ത്**
**പറവൂർ ബ്ലോക്ക് പഞ്ചായത്ത് കുനമ്മാവ് ഗവ. ആസ്പത്രി പിഎച്ച് സി യിൽ 2015-16 ൽ മെയിന്റനൻസ് ഗ്രാന്റിൽ വകയിരുത്തി ടോയ് ലറ്റ് മെയിന്റനൻസ് പ്രവൃത്തി നടത്തിയത് വിട്ടുകിട്ടിയ സ്ഥാപനം അല്ല എന്നതിനാൽ എ. ജി ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തിയുടെ ബിൽ നിൽകുന്നതിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥ ഇളവു ചെയ്ത് പ്രത്യേക അനുമതി - സംബന്ധിച്ച്**

അംഗീകരിച്ചു

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്

**3.44 അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 07.11.2016 ലെ കത്ത്**
**അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് 7 ലക്ഷം രൂപയും മലപ്പുറം ജില്ലാ പഞ്ചായത്ത് 1946000 രൂപയും ഉൾപ്പെടെ 2646000 രൂപ അടങ്കലിൽ പുലരി അമൃതം ന്യൂട്രിയ ന്റ്സ് യൂണിറ്റിന് ഉയർന്ന സാങ്കേതിക മികവുള്ള ഫ്ലോറിംഗ്, പൾവറൈസിംഗ് മോഡൽ ന്യൂട്രിമിക്സ് മെഷീൻ സ്ഥാപിച്ച് നൽകുന്നതിന് അനുമതി.**

അംഗീകരിച്ചു

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്

**3.45 മരട് നഗരസഭാ ചെയർപേഴ്സന്റെ 08.11.2016 ലെ കത്ത്**
**വസ്തുനികുതി ഡാറ്റാ എൻട്രിയുമായി ബന്ധപ്പെട്ട് മൂന്ന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസവേതനാടിസ്ഥാനത്തിൽ ഏർപ്പെടുത്തുന്നതിന് അനുമതി. സംബന്ധിച്ച്**

കരാർ അടിസ്ഥാനത്തിലോ കുടുംബശ്രീയിൽ നിന്നോ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കാവുന്നതാണ്.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്

**3.46 മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.10.2016 ലെ കത്ത്**
**പഞ്ചായത്തിന്റെ വികസനഫണ്ടും തനത് ഫണ്ടും ഉപയോഗിച്ച് ഭവനപദ്ധതി ഏറ്റെടുക്കുന്നതിന് അനുമതി. സംബന്ധിച്ച്**

സമ്പൂർണ്ണ ഭവന പദ്ധതി ( LIFE) മാനദണ്ഡത്തിനുസൃതമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**3.47 കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.11.2016 ലെ കത്ത്**
**കോട്ടയം ജില്ലാ പഞ്ചായത്തിന്റെ പരിധിയിലുള്ള അയർക്കുന്നം ഡിവിഷനിൽ രണ്ടു ലക്ഷം രൂപ വീതം വകയിരുത്തി മൂന്ന് എ ഗ്രേഡ് ലൈബ്രറികളുടെ പുനരുദ്ധാരണത്തിനും മെച്ചപ്പെടുത്തലിനുമായി പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് അനുമതി.സംബന്ധിച്ച്**

നിരസിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

**3.48 നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15.06.2016 ലെ കത്ത്**
**പഞ്ചായത്തിലെ പത്താം വാർഡിൽ അംഗൻവാടി സൗകര്യം ലഭ്യമല്ലാത്ത പ്രദേശത്ത് ഒരു നഴ്സറി സ്കൂൾ ആരംഭിക്കുന്നതിന് അനുമതിയ്ക്കായി**

നഴ്സറി സ്കൂളിനു പകരം അംഗനവാടി തുടങ്ങുന്നതിന് അനുമതി നൽകുന്നു.

(നടപടി:തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്

**3.49 പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 08.11.2016 ലെ കത്ത്**
**മുൻഭരണസമിതി ഏറ്റെടുത്ത് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലായി എത്തിനിൽക്കുന്ന 5 സാംസ്കാരികനിലയം കെട്ടിടങ്ങൾ പൂർത്തീകരിക്കുന്നതിന് അനുമതി. 26.10.2016 ലെ 3.43 പ്രകാരം നിരസിച്ചത് പുനഃപരിശോധിക്കുന്നത് സംബന്ധിച്ച്**

പെർഫോർമൻസ് ഓഡിറ്റ് വിംഗ് അന്വേഷിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**3.50 വാഴൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്**

**വയോജനങ്ങൾക്ക് ദന്തസംരക്ഷണം, ദന്തചികിത്സ കൃത്രിമ പല്ലുവെച്ചുനൽകൽ എന്നിവയ്ക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലും ക്യാമ്പ് സംഘടിപ്പിച്ച് നടത്തുന്നതിനുള്ള പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് അനുവാദം-സംബന്ധിച്ച്**

അംഗീകരിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**3.51 വാഴൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്**

**ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഫിസിയോതെറാപ്പി സ്പീച്ച് തെറാപ്പി എന്നീ പരിചരണങ്ങൾക്കായി കറുകച്ചാൽ വിദ്യാഭ്യാസ ഉപജില്ലയിലെ എസ്.എസ്.എ.യുടെ ഭാഗമായുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററിന് ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം നൽകുന്നതിന് അനുമതി സംബന്ധിച്ച്**

അംഗീകരിച്ചു.

(നടപടി:തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**3.52 മമ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.11.2016 ലെ കത്ത്**

**തെരുവ് വിളക്ക് റിപ്പയർ, മെയിന്റനൻസ് പ്രവൃത്തി പഞ്ചായത്തിന് നേരിട്ട് നിർവ്വഹിക്കാൻ തനത് ഫണ്ടിൽ നിന്ന് ദിവസവേതനാടിസ്ഥാനത്തിൽ ഒരാളെ ഏർപ്പാട് ചെയ്യുന്നതിന് അനുമതി സംബന്ധിച്ച്**

കെ.എസ്.ഇ.ബി. അംഗീകാരത്തോടെ നിയമിക്കുന്നതിന് അനുമതി നൽകുന്നു.

(തദ്ദേശസ്വയംഭരണ (ഡി.എ3.) വകുപ്പ്)

**3.53 ആലപ്പുഴ – ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.04.2016 ലെ കത്ത്**

**അംഗീകൃത ലൈബ്രറികൾക്ക് കംപ്യൂട്ടറും ടെലിവിഷനും വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്**

നിരസിച്ചു.

(തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.54 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2016 ലെ കത്ത്**

**കൃഷിവകുപ്പിൽ ഗ്രോബാഗിന് 60 രൂപ വരെ സബ്സിഡി നൽകുന്നതിനാൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിയും ഗ്രോബാഗിന് 60 രൂപ വരെ സബ്സിഡി തുക ഉയർത്തുന്നത് - സംബന്ധിച്ച്**

നിലവിൽ അംഗീകാരമുണ്ടെന്ന് നിരീക്ഷിച്ചു.

(തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.55 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2016 ലെ കത്ത്**

**ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസറുടെ നിർവ്വഹണം ചുമതലയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന് വേണ്ടി 24 സീറ്റുള്ള ബസ് വാങ്ങുന്നതിന് പരമാവധി തുക പരിമിതപ്പെടുത്താത് അനുവാദത്തിന് സംബന്ധിച്ച്**

വാഹനം മാസ വാടക നിരക്കിൽ ഒരു വർഷത്തേയ്ക്ക് ഹയർ ചെയ്യുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)**

**3.56 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2016 ലെ കത്ത്**
**സമഗ്രവിദ്യാഭ്യാസ പരിപാടിയിലൂടെ കഴിഞ്ഞ അദ്ധ്യയവർഷം മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ പത്താംതര വിദ്യാർത്ഥികളെ അനുമോദിക്കുന്ന പരിപാടിയ്ക്ക് അനുമതി. സംബന്ധിച്ച്**

അനുമതി നൽകുന്നു.

തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.57 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2016 ലെ കത്ത്**
**2015-16 ലെ പ്രത്യേക റോഡ് മെയിന്റനൻസ് ഫണ്ട് സർക്കാർ നിർദ്ദേശപ്രകാരം DPFA II A യിൽ ലയിപ്പിച്ചിരുന്നു. ആയത് സ്പെഷ്യൽ റോഡ് മെയിന്റനൻസ് ഫണ്ടിലേക്ക് വക മാറ്റുന്നതിനുള്ള നടപടിയ്ക്കായി. സംബന്ധിച്ച്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.58 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2016 ലെ കത്ത്**
**ചേമ്പാട് എസ് സി കോളനിയിലേക്ക് റോഡും കൾവെർട്ടും നിർമ്മിക്കുന്നതിന് കോളനിയ്ക്ക് പുറത്തുള്ള പ്രദേശമായതിനാൽ പ്രത്യേകം പരിഗണിച്ച് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് സംബന്ധിച്ച്**

നിലവിലുള്ള മാർഗരേഖപ്രകാരം നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)

**3.59 ആലപ്പുഴ ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2016 ലെ കത്ത്**
**ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിവരുന്ന പ്രവൃത്തികൾക്ക് മണ്ണ് ഫില്ലിംഗിന് നിലവിലെ തിരക്ക് അപര്യാപ്തമായതിനാൽ കമ്പോളനിരക്ക് അനുവദിക്കുന്നത്- സംബന്ധിച്ച്**

അടിയന്തിര റിപ്പോർട്ട് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി

തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)

**3.60 പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 31.10.2016 ലെ കത്ത്ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ വളരെ ശോചനീയമായ അവസ്ഥയിലുള്ള എസ്.സി കോളനികളുടെ സൈഡ് പ്രൊട്ടക്ഷൻ, കുടിവെള്ളം നടപ്പാത വീടുകളുടെ സംരക്ഷണഭിത്തി നിർമ്മാണം മുതലായ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന്. സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ പ്രത്യേക പ്രോജക്ടുകളായി ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നു.

തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്)

**3.61 കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ തീയതിയിലെ കത്ത്**

**വിവിധ എസ് സി കോളനികളിലായി തട്ടുതട്ടായി കിടക്കുന്ന സ്ഥലത്ത് ഭൂസംരക്ഷണ ഭിത്തി നിർമ്മിച്ച് വീടുകൾക്കു സംരക്ഷണം (4 കോളനികൾക്ക് 12,11,000) പ്രവൃത്തിക്ക് അംഗീകാരം നൽകുന്നതിന് സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

**തദ്ദേശസ്വയംഭരണ (ഡി.എ1.) വകുപ്പ്)**

**3.62 കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2016 ലെ കത്ത്**

**1) കാർഷിക ഉപകരണങ്ങൾ നല്കുന്നതിൽ 100% സബ്സിഡി അനുവദിക്കാനും**

**2) വിവിധ ഉത്പാദന /നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം ആറുമാസത്തെ പ്രവർത്തനം അവലോകനം ചെയ്യുവേണം എന്നത് 3മാസമായി നിജപ്പെടുത്തുന്ന തിനുംസംബന്ധിച്ച്**

നിലവിലുള്ള വ്യവസ്ഥകൾ തുടരുന്നതിന് അനുമതി നൽകുന്നു.

**തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്**

**3.63 കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ 07.11.2016 ലെ കത്ത്**

**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ മെക്കാനിക്കൽ ഇലക്ട്രിക്കൽ വിഭാഗത്തിന് താല്കാലികമായി എഞ്ചിനീയറിംഗ് ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി- സംബന്ധിച്ച്**

തീരുമാനം 3.23 (3) ബാധകമാണ്.

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**3.64 എടരിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.11.2016 ലെ കത്ത്**

**പഞ്ചായത്തിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഫിസിയോതെറാപ്പിസ്റ്റിനെ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കുന്തിന് അനുവാദം- സംബന്ധിച്ച്**

കുടുംബശ്രീയുടെ ജില്ലാ മിഷൻ കോഓർഡിനേറ്ററുമായി ബന്ധപ്പെട്ട് ഓരോ കുട്ടിക്കും നിശ്ചിത ഫീസ് നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുന്നു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)**

**3. 65 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 02.11.2016 ലെ കത്ത്**

**സാങ്കേതിക അനുമതി നൽകുന്നത് സംബന്ധിച്ച സി സി യുടെ 26.10.2016 ലെ 3.65 നമ്പർ തീരുമാനം ആശയക്കുഴപ്പം ഉണ്ടാക്കുന്നതായും 2015-16 ലെ രീതിയിൽ നടപടിക്രമം തുടരുന്നതിന് അനുമതി - സംബന്ധിച്ച്**

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യമായ വിശദീകരണം പുറപ്പെടുവിച്ചിട്ടുണ്ട്.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)**

**3.66 ആലത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2016 ലെ കത്ത്**

**ആലത്തൂർ ഗ്രാമപഞ്ചായത്ത് നടത്തിവരുന്ന ബഡ്സ് സ്കൂളിലേക്ക് കുട്ടികളുടെ യാത്രയ്ക്കായി ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതവും ഗ്രാമപഞ്ചായത്തുവിഹിതവും ഉൾപ്പെടുത്തി 11 ലക്ഷൺ രൂപയുടെ വാഹനം വാങ്ങുന്നതിന് അനുമതി-സംബന്ധിച്ച്**

തീരുമാനം 3.55 ബാധകമാണ്.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.67 ഉദയനാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2016 ലെ കത്ത്**

**2015-16 ന് ഗ്രാമന്യായാലയത്തിന് വകയിരുത്തിയ തുകയേക്കാൾ അധികരിച്ച് വരുന്ന അടങ്കൽ വകയിരുത്തുന്നതിന് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചുവരുന്ന സാഹചര്യത്തിൽ ഭേദഗതി ചെയ്യുന്നതിന് അനുമതി-സംബന്ധിച്ച്**

അടിയന്തിര റിപ്പോർട്ട് നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.68 മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2016 ലെ കത്ത്**

**മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ട് ക്ലീനിംഗ് ഹരിതവത്ക്കരണം പ്ലാസ്റ്റിക് ഒഴിവാക്കൽ, ജൈവമാലിന്യം ശേഖരണസംസ്കരണസംവിധാനം, വിശ്രമകേന്ദ്രം, പാർക്കിംഗ് സൗകര്യം, പച്ചക്കറിക്കൃഷി എന്നിവ ഉൾക്കൊള്ളുന്ന പ്രോജക്ട് ഏറ്റെടുക്കുന്നതിന് അനുമതി.-സംബന്ധിച്ച്**

ഓരോന്നും പ്രത്യേക പ്രോജക്ടുകളായി ഏറ്റെടുക്കുന്നതിന് നിർദ്ദേശിച്ചു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.69 മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2016 ലെ കത്ത്**

**പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈസ്കൂൾ മുഖേന ഗ്രോബാഗ് വിതരണം പദ്ധതി ഏറ്റെടുക്കുന്നതിന് അനുമതി..-സംബന്ധിച്ച്**

നിരസിച്ചു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.70 മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.11.2016 ലെ കത്ത്**

**വള്ളിക്കാപ്പറ്റ അന്ധവിദ്യാലയത്തിലെ കുട്ടികൾക്ക് ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പം തൊഴിൽ പരിശീലവും ലക്ഷ്യമാക്കി ഭിന്നശേഷിക്കാർക്കുള്ള 5% വിഹിതം വകയിരുത്തി വിദ്യാലയത്തിൽ ഒരു പേപ്പർ ക്യാരിബാഗ് യൂണിറ്റ് അനുവദിക്കുന്നതിന് അനുമതി.-സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.71 തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.11.2016 ലെ കത്ത്**

**കെ എൽ ജി എസ് ഡി പി വിഹിതമായി ലഭിച്ച ഫണ്ട് ഉപയോഗപ്പെടുത്തുന്നതിന് നിലവിൽ ധനകാര്യകമ്മീഷൻ, സാധാരണ വിഹിതം എന്നിവ വകയിരുത്തിയ പദ്ധതികൾ ഭേദഗതി ചെയ്ത് കെ എൽ ജി എസ് ഡി പി ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്നതിന് വാലിഡേഷൻ ക്രമീകരിക്കുന്നതിന് ർ/ഒഴിവാക്കുന്നതിന് അനുമതി.-സംബന്ധിച്ച്**

പൊതു വിഷയം തീരുമാനം 1 ബാധകമാണ്

**(നടപടി തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)**

**3.72 നരിക്കുനി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.**

**ഭേദഗതി 2016-17 ലെ വാർഷിക പദ്ധതിയിൽ പോത്തുകുട്ടി വളർത്തൽ പദ്ധതി ഏറ്റെടുത്തതിൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിൽനിന്ന് വ്യത്യസ്ഥമായി 10-12 മാസം പ്രായമായ പോത്തുകുട്ടികളെ വിതരണം ചെയ്യുന്നതിന് അനുമതി.-സംബന്ധിച്ച്**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് തേടുന്നതിന് തീരുമാനിച്ചു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)**

**3.73 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 8.11.2016-ലെ കത്ത് - 2014-15,2015-16 വർഷം നടപ്പിലാക്കിയതും 2016-17-ൽ 12.00 ലക്ഷം രൂപ അടങ്കൽ തുകയുള്ള സൗഹൃദ സായന്തനം എന്ന പ്രോജക്ടിന് അനുമതി സംബന്ധിച്ച്**

പൊതു വിഷയം തീരുമാനം 6 ബാധകമാണ്.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)**

**3.74 പിണറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.10.2016-ലെ എ1-7234/16 നമ്പർ കത്ത് നിരാലംബരായ വനിതകൾ ഗൃഹനാഥരായ കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണം എന്ന പ്രോജക്ട് 2015-16-ൽ ഡി.പി.സി. അംഗീകരിച്ച് നടപ്പിലാക്കി വരുന്നു. 2016-17-ൽ ഈ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ മാർഗരേഖ അനുസരിച്ച് വനിത ഘടക പദ്ധതിയിൽ ഭവന നിർമ്മാണം പാടില്ല എന്ന കാരണത്താൽ ഡി.പി.സി. അംഗീകരിച്ചിട്ടില്ല. ആയത് കോഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

ജനറൽ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്)

**3.75 തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള എബി.സി. പ്രോഗ്രാമിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിഹിതം ജില്ലാ മൃഗ സംരക്ഷണ ഓഫീസർക്ക് നൽകുന്നുണ്ടെങ്കിലും തുക എവിടെ സൂക്ഷിക്കുന്നത് സംബന്ധിച്ച നിർദ്ദേശം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നു**

എബി.സി പ്രോജക്ട് നടപ്പിലാക്കുന്നതിന് വ്യക്തമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)**

**3.76 ഭൂരഹിതർ- ഭവന രഹിതർ എന്നിവരെ കണ്ടെത്തുന്നതിനുള്ള സർവേ ഫോറത്തിൽ 'മാതാപിതാക്കൾക്ക് /കുടുംബ സ്വത്ത് ഉണ്ടോ ഇല്ലയോ' എന്ന് ചേർക്കുന്നത് സംബന്ധിച്ച്**

അനുമതി നൽകുന്നു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.77 സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ഓഫീസിൽ ജനകീയാസൂത്രണത്തിന്റെയും കോഓർഡിനേഷൻ കമ്മിറ്റിയുമായി ബന്ധപ്പെട്ടും ധാരാളം ടൈപ്പിംഗ് ജോലികൾ ഉണ്ട് ഈ സാഹചര്യത്തിൽ 2 കമ്പ്യൂട്ടർ അസിസ്റ്റന്റിനെയും ഒരു ഓഫീസ് അസിസ്റ്റന്റിനെയും ദിവസവേതാനാടിസ്ഥാനത്തിൽ എടുക്കുവാൻ അനുമതി നൽകുന്നത് സംബന്ധിച്ച്.**

വകുപ്പുതലത്തിൽ തീരുമാനിക്കുന്നതാണ്

**(നടപടി തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)**

**3.78 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ കുടുംബശ്രീയുമായി ബന്ധപ്പെട്ട് 791/17,1030/17,1031/17,839/17, 806/17, 786/17, 797/17, 1027/17, 1034/17, 1033/17 എന്നീ പ്രോജക്ടുകൾക്കുള്ള അനുമതി സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.79 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ 599/17- (തണൽക്കൂട്ട്) പ്രോജക്ടിനുള്ള അനുമതി സംബന്ധിച്ച്**

നിരസിച്ചു

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.80 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ 613/17- (ചെങ്ങര, പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് ) പ്രോജക്ടിനുള്ള അനുമതി സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.81 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ 614/17- ("ഡേ കെയർ സെന്ററുകൾക്ക് വാഹനം) പ്രോജക്ടിനുള്ള അനുമതി സംബന്ധിച്ച്**

തീരുമാനം 3.55 ബാധകമാണ്

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.82 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ 1026/17- ("കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ചൈൽഡ് വെൽഫയർ മലപ്പുറം ഫൗണ്ട് ലിംഗ് ഹോമിന് വാഹനം) പ്രോജക്ടിനുള്ള അനുമതി സംബന്ധിച്ച്**

തീരുമാനം 3.55 ബാധകമാണ്

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.83 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ 1028/17- ("തേജസ്വിനി) പ്രോജക്ടിനുള്ള അനുമതി സംബന്ധിച്ച്**

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.84 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ 694/17- ("സമതാളം) പ്രോജക്ടിനുള്ള അനുമതി സംബന്ധിച്ച്**

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.85 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ 1029/17- (ആദിവാസി വയോജനങ്ങൾക്ക് ആയുർവേദ പരിരക്ഷ) പ്രോജക്ടിനുള്ള അനുമതി സംബന്ധിച്ച്**

ആശുപത്രികൾ വഴി പ്രോജക്ട് നടപ്പിലാക്കേണ്ടതാണെന്ന് തീരുമാനിച്ചു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.86 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ 725/17- (ീകാഴ്ചയില്ലാത്തവർക്ക് ആൻ ഡ്രോയ്ഡ് അടിസ്ഥാനമാക്കി പരിശീലനവും ടാബ് ലറ്റ് വിതരണവും) പ്രോജക്ടിനുള്ള അനുമതി സംബന്ധിച്ച്**

ഡി.പി.സി. അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.87 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ 517/17- (ീകാർഷിക ഉത്പ്പന്ന സംഭരണ വിപണന കേന്ദ്രത്തിന് അടിസ്ഥാന സൗകര്യങ്ങൾ ) പ്രോജക്ടിനുള്ള അനുമതി സംബന്ധിച്ച്**

നിരസിച്ചു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**3.88 മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിലെ 595/17-(ീഎടരിക്കോട് പ്രതീക്ഷ ഡേ കെയർ സെന്ററിന് വാഹനം) പ്രോജക്ടിനുള്ള അനുമതി സംബന്ധിച്ച്**

നിരസിച്ചു.

**(നടപടി തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)**

**(യോഗം 2.30 pm ന് അവസാനിച്ചു. പങ്കെടുത്തവരുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.)**

## 14.11.2016-ന് കൂടിയ കോഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തവർ

1. ശ്രീ. ടി.കെ. ജോസ്. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ.വി.കെ. ബേബി, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. ടി.പി. വിജയ കുമാർ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. വി.ആർ. ദിലീപ് കുമാർ, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീ. എ.കെ.മോഹനകുമാർ (ജോയിൻറ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)
6. ശ്രീമതി. എൻ പ്രസന്ന കുമാരി (ചീഫ്, ഡി.പി.ഡി. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്)
7. ശ്രീ. എസ്. ദിവാകരൻ പിള്ള (എസ്.പി.എ.ഒ)
8. ഡോ. കെ. വാസുകി (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ)
9. ശ്രീ. പി. ബാലകിരൺ,ഐ.എ.എസ്. ഡയറക്ടർ, പഞ്ചായത്ത്
10. ശ്രീ.വി.എസ്. സന്തോഷ് കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (സി.ആർ.ഡി)
11. ശ്രീ. ടി.കെ. സോമൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീ. സജികുമാർ .പി.ആർ(ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്)
13. ശ്രീ.എച്ച്. ഷാജി (കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ്, തദ്ദേശമിത്രം (കെ.എൽ.ജി.എസ്.ഡി.പി)
14. ശ്രീമതി. ലിഷ മോഹൻ.എം.( എ.ഡി.സി, സി.ആർ.ഡി)
15. ശ്രീ.കമലാസനൻ നായർ. പി.വി. ( സി.പി.ഒ, എസ്.സി.ഡി.ഡി)
16. ശ്രീമതി. പി.ജെ.ആമിന, സി.പി.ഒ. പട്ടികജാതി വികസന വകുപ്പ്
17. ശ്രീ. സി.വി.ജോയി (ഡയറക്ടർ ,ഓപ്പറേഷൻസ്, ശുചിത്വ മിഷൻ)
18. ശ്രീമതി. ജോസഫൈൻ.ജെ. അസിസ്റ്റന്റ് ഡയറകടർ, പട്ടികവർഗ വികസന വകുപ്പ്
19. ശ്രീ. ബി.കെ ബലരാജ് ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്
20. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
21. ശ്രീ.റ്റി. സുരേഷ് ബാബു, മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ശ്രീ. അനീഷ് എ (പ്രോജക്ട് മേനേജർ, ഐ.കെ. എം)
23. ശ്രീ. പ്രവീൺ പി. ടെക്നിക്കൽ ഓഫീസർ,( ഐ.കെ.എം